പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2365

07.02.2019 ൽ മറുപടിക്ക്

## കുറഞ്ഞ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുവാൻ നടപടി

ചോദ്യം
ശ്രീ.യു. ആർ. പ്രദീപ്

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന് ഉയർന്ന വില നൽകേണ്ട സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമൻറിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമൻറിന്റെ ഉൽപ്പാദനം കുറവായതാണ് കേരളത്തിൽ സിമൻറിന്റെ വില കൂടുതലായി നിലനിൽക്കുന്ന സാഹചര്യമുണ്ടാക്കുന്നത്. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമൻറിന്റെ വില വർദ്ധനവിന് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമൻറ് റെയിൽ / റോഡ് മുഖേന എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമൻറിന്റെ വില വർദ്ധനവിന് കാരണമാകാറുണ്ട്. കേരളത്തിൽ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമൻറിന്റെ 10 ശതമാനത്തിൽ താഴെയാണ്.<br><br>കേരളത്തിലെ സിമൻറ് വിപണിയുടെ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് സ്വകാര്യ സിമൻറ് ഉൽപ്പാദകരാണ്. അതുകൊണ്ടുതന്നെ സിമൻറ് വില നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെ ഇടപെടൽ പരിമിതമാണ്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗം 29.7.2016 നും 10.5.2017 നും വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | സിമന്റ് വിപണിയിൽ ഇടപെടുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | ലൈഫ് മിഷൻ വഴിയും പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടും ആയിരക്കണക്കിന് വീടുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ സംസ്ഥാനത്ത് നടക്കുന്നത് കണക്കിലെടുത്ത് സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | സി) | സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാകത്തക്ക രീതിയിലാണ് മലബാർ സിമന്റ്സിന്റെ വില നിശ്ചയിച്ച് വരുന്നത്. "ലൈഫ് മിഷൻ" പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13.9.2017 ന് യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ